# അവസാനത്തെ പ്രവാചകൻ

**അബ്ദുർറഹ്മാൻ കൊടിയത്തൂർ**

**ഭൂമുഖത്ത്** മനുഷ്യവാസവും പ്രവാചകനിയോഗവും സമാരംഭിക്കുന്നത് ഒരേ ദിവസംതന്നെയാണ്. ആദ്യത്തെ മനുഷ്യൻ ആദ്യത്തെ പ്രവാചകനുമായിരുന്നു. ജീവിതത്തിനാവശ്യമായ ദൈവിക നിർദേശങ്ങളും വിധിവിലക്കുകളും ദൈവത്തിന്റെ മഹോന്നത സൃഷ്ടിക്ക് എത്തിച്ചുകൊടുക്കുകയാണ് പ്രവാചകന്മാരുടെ ദൗത്യം. മനുഷ്യസമൂഹങ്ങൾ പ്രവാചക നിയോഗമില്ലാതെ കഴിഞ്ഞുപോയിട്ടില്ല. മനുഷ്യവർഗം പരസ്പര ബന്ധമില്ലാത്ത ഒറ്റപ്പെട്ട ഗോത്രങ്ങളായി ജീവിച്ച കാലഘട്ടങ്ങളിൽ ആഗതരായ പ്രവാചകന്മാർ അതതു ഗോത്രങ്ങളിൽ ഒതുങ്ങിനിന്നാണ് പ്രവർത്തിച്ചിരുന്നത്.

ക്രിസ്തുവിനു ശേഷം ലോകജനത സാംസ്കാരികമായി വളർച്ച പ്രാപിക്കുകയും പരസ്പരം അടുക്കാനും ബന്ധപ്പെടാനും സൗകര്യങ്ങൾ വർധിക്കുകയും ചെയ്തു. അതോടെ മുഴുലോകത്തേക്കും സർവജനതക്കുമായി ഒരു പ്രവാചകൻ നിയോഗിക്കപ്പെടാനുള്ള സാഹചര്യം ഉളവായി. അല്ലാഹു മുൻ പ്രവാചകരിലൂടെ സുവിശേഷമറിയിച്ച പ്രവാചക ശ്രേഷ്ഠൻ നിയുക്തനായി. മുൻ വേദഗ്രന്ഥങ്ങളിൽനിന്ന് വ്യത്യസ്തമായി കാലാന്തരങ്ങളെ അതിജീവിക്കുന്ന ദിവ്യഗ്രന്ഥവുമായി ആ പ്രവാചകൻ തന്റെ ദൗത്യം നിർവഹിച്ചു. അതോടെ പ്രവാചക പരമ്പര അവസാനിച്ചു. അന്ത്യപ്രവാചകന്റെ ചര്യയും അന്തിമവേദവും ലോകമെങ്ങും പ്രചരിക്കാനും കാലാവസാനം വരെ അന്യൂനം നിലനിൽക്കാനും സാഹചര്യമുള്ളതുകൊണ്ട് ഇനിയും പ്രവാചകന്മാർ ആവശ്യമില്ല. പ്രവാചകന്മാർക്ക് പഠിപ്പിക്കാനുള്ളത് ഒരേ ദൈവിക സന്ദേശമാണ്. ആ സന്ദേശമാകട്ടെ വള്ളിപുള്ളി വ്യത്യാസമില്ലാതെ ഇവിടെ നിലനിൽക്കുന്നുണ്ട്. ഈ അവസ്ഥയിൽ പുതിയ പ്രവാചകന്മാരുടെ ആഗമനം ഗുണത്തിലേറെ ദോഷമാണ് ചെയ്യുക.

മുഹമ്മദീയ പ്രവാചകത്വത്തോടെ പ്രവാചകത്വ പരമ്പര സമാപിച്ചുവെന്നത് വെറുമൊരവകാശവാദമല്ല. ചരിത്രപരമായ ഒരു അനിവാര്യതയാണ്. മുഹമ്മദ് (സ)യെ ‘ഖാതമുന്നബിയ്യീൻ’ എന്ന് വിശേഷിപ്പിച്ചതടക്കമുള്ള നിരവധി ഖുർആൻ സൂക്തങ്ങളും നബി വാക്യങ്ങളും അക്കാര്യം തെളിയിക്കുന്നു. നബി സമർപ്പിച്ച സമ്പൂർണമായ ജീവിതപദ്ധതി, അദ്ദേഹത്തിന്റെ സമകാലികരും പിൻഗാമികളും അനുവർത്തിച്ച രീതികൾ തുടങ്ങിയവയൊക്കെ മുഹമ്മദ്(സ) അന്ത്യപ്രവാചകനാണെന്ന് വിളിച്ചോതുന്നു.

തനിക്കു ശേഷം വരാനിരിക്കുന്ന പ്രവാചകനെ സംബന്ധിച്ച സുവിശേഷമറിയിക്കാതെ ഒരു പ്രവാചകനും കഴിഞ്ഞുപോയിട്ടില്ല. വ്യക്തമായ അടയാളങ്ങളോടെ അവർ പിൻഗാമിയെ പരിചയപ്പെടുത്തിയിട്ടുണ്ട്. മൂസാ(അ)ന്റെ അനുയായികൾ ശേയുവിനെ കാത്തിരുന്നത്, തൗറാത്തിൽനിന്ന് അദ്ദേഹത്തിന്റെ ആഗമനവൃത്താന്തം അറിഞ്ഞതുകൊണ്ടായിരുന്നു. അവരിൽ ചിലർ യേശുവിനെ നിരാകരിക്കുകയുണ്ടായെങ്കിലും അവർക്ക് പോലും യേശുവിന്റെ പ്രവാചകത്വത്തെപ്പറ്റി അറിവുണ്ടായിരുന്നു. മുഹമ്മദ് (സ)യുടെ ആഗമനത്തെ സംബന്ധിച്ച സുവിശേഷം മുൻവേദങ്ങളിലുണ്ടായിരുന്നു. ബൈബിളിൽ അക്കാര്യം വ്യക്തമായി പറഞ്ഞിട്ടുണ്ട്. അക്കാര്യം ഖുർആൻ എടുത്തുദ്ധരിക്കുന്നു (61:6).

പക്ഷേ, നബി(സ)ക്ക് ശേഷം വരുന്ന പ്രവാചകന്മാരെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ യാതൊന്നും പറയുന്നില്ല. ഭൂതകാല പ്രവാചകന്മാരുടെ ചരിത്രം വ്യക്തമായി പറഞ്ഞ ഖുർആൻ ഭാവിയിൽ പ്രവാചകന്മാർ വരാനിക്കുന്നുവെങ്കിൽ അവരെക്കുറിച്ചും മുന്നറിയിപ്പു നൽകാതിരിക്കാൻ ന്യായമില്ല. മുഹമ്മദ് നബിയെക്കുറിച്ച് അദ്ദേഹം പ്രവാചകന്മാരിൽ അന്തിമനാണെന്ന പ്രഖ്യാപനവും ഇതോടു ചേർത്തുവായിക്കേണ്ടതാണ്.

“മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. അദ്ദേഹം അല്ലാഹുവിന്റെ ദൂതനും അന്ത്യപ്രവാചകനുമാണ്. എല്ലാം അറിയുന്നവനത്രെ അല്ലാഹു” (32:40).

ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലവും സന്ദർഭവും പരിശോധിച്ചാൽ ഇതിലെ ഓരോ വാക്യത്തിന്റെയും ഉദ്ദേശ്യവും അർഥവ്യാപ്തിയും നമുക്ക്

മനസ്സിലാക്കാൻ കഴിയും. സമൂഹത്തിൽ നിലനിന്നിരുന്ന ഒരു മൂഢവിശ്വാസത്തെ ഉന്മൂലനം ചെയ്യുകയായിരുന്നു ഇതിന്റെ അവതരണലക്ഷ്യം. അത് പ്രാവർത്തികമാക്കാൻ ബാധ്യസ്ഥനായ അവസാനത്തെ പ്രവാചകനാണ് മുഹമ്മദ് (സ) എന്ന് പ്രഖ്യാപിക്കുകയാണ് ഖുർആൻ. ഇനിയൊരു പ്രവാചകൻ വരാനുണ്ടായിരുന്നുവെങ്കിൽ അന്ത്യപ്രവാചകൻ എന്ന വിദൂരാർഥമുള്ള ഒരു പദം പോലും ഖുർആൻ പ്രയോഗിക്കുമായിരുന്നില്ല. 'ഖാതമുന്നബിയ്യീൻ' എന്ന പദസഞ്ചയത്തിന് അന്ത്യപ്രവാചകനെന്ന അർഥം പൂർണമായി നിരാകരിക്കാൻ പിൽക്കാലത്തെ 'പ്രവാചകത്വപരിസമാപ്തി നിഷേധികൾ' പോലും തയാറല്ല. ശരീഅത്തോട് കൂടിയുള്ള പ്രവാചകത്വമാണ് സമാപിച്ചത് എന്നതിന് ഈ ആശയമാണ് അവർ തെളിവാക്കുന്നത്.

അതായത്, ഖാത്തമുന്നബിയ്യീൻ എന്നാൽ അന്ത്യപ്രവാചകൻ എന്നുതന്നെയാണർഥം. പക്ഷേ, അതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത് ശരീഅത്തുമായി ആഗതരാകുന്ന പ്രവാചകന്മാരിൽ അന്തിമൻ എന്നാണ്. പ്രത്യേക ശരീഅത്തില്ലാത്ത പ്രവാചകന്മാർ ഇനിയും വരാം. അല്ല തീർച്ചയായും വരും, വന്നിരിക്കുന്നു; ഇതാണ് വ്യാഖ്യാനം. പക്ഷേ, ഖുർആൻ മുഹമ്മദ് നബിയെ അന്ത്യപ്രവാചകൻ എന്നുവിശേഷിപ്പിക്കുക, അതുകൊണ്ടുദ്ദേശ്യം ശരീഅത്തുള്ള പ്രവാചകൻ എന്നാണെന്നതിന് സാഹചര്യത്തെളിവുകളൊന്നും ഇല്ലാതിരിക്കുക; അതോടൊപ്പം മുഹമ്മദ് നബി, നബിക്കുശേഷം പ്രവാചകന്മാരില്ലെന്നു പ്രഖ്യാപിക്കുകയും ചെയ്യുക. അവിടെയും ശരീഅത്തുള്ള പ്രവാചകന്മാരാണുദ്ദേശ്യമെന്ന് സൂചിപ്പിക്കാതിരിക്കുക; എന്നിട്ടും അല്ലാഹുവും പ്രവാചകനും അവകൊണ്ട് ഉദ്ദേശിക്കുന്നത് ശരീഅത്തുള്ള പ്രവാചകന്മാർ മാത്രമായിരിക്കുക. അങ്ങനെ പിൽക്കാലത്ത് ശരീഅത്തില്ലാത്ത പ്രവാചകന്മാരെ അയച്ചുകൊണ്ടിരിക്കുക; പ്രസ്തുത ഖുർആൻ വാക്യത്തിന്റെയും നബിവചനത്തിന്റെയും അടിസ്ഥാനത്തിൽ മുസ്‌ലിംകൾ അവരെ നിഷേധിക്കുക. വിശുദ്ധ ഖുർആനും അന്ത്യപ്രവാചകന്റെ സുന്നത്തും മുറുകെപ്പിടിച്ചതിന്റെ പേരിൽ അവർ കാഫിറുകളായിത്തീരുക.

അല്ലാഹു തന്റെ അടിമകളെ ഇവ്വിധം പറ്റിക്കുമെന്ന് വിശ്വസിക്കാൻ ഖാദിയാനികൾക്കല്ലാതെ മറ്റാർക്കും കഴിയുമെന്ന് തോന്നുന്നില്ല.

മുൻ പ്രവാചകരിലും അവരുടെ ഗ്രന്ഥങ്ങളിലും വിശ്വസിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. വിശ്വാസകാര്യങ്ങളിൽ അത് കൂടി ഉൾപ്പെടുന്നു. പക്ഷേ ഖുർആനിലൊരിടത്തും പിൽക്കാലത്ത് വരാനിരിക്കുന്ന പ്രവാചകന്മാരിലോ അവരുടെ ദിവ്യഗ്രന്ഥങ്ങളിലോ വിശ്വസിക്കാൻ കൽപിക്കുന്നില്ല.

"താങ്കൾക്ക് അവതീർണമായ വേദത്തിലും താങ്കൾക്ക് മുമ്പ് അവതീർണമായ ഇതരവേദഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവരും പരലോകത്തിൽ ദൃഢബോധ്യമുള്ളവരുമായ ഭക്തജനങ്ങൾക്ക് മാർഗദർശകമത്രെ ഇത്" (ഖുർആൻ 2:4).

ഖുർആനിൽ പ്രവാചകന്മാരെപ്പറ്റി പരാമർശിക്കപ്പെട്ട സ്ഥലങ്ങളിൽ 'മിൻ ഖബ്‌ലിക', 'മിൻഖബ്‌ലു' എന്നീ പദങ്ങൾ പ്രയോഗിച്ചതായി കാണാം. 'നാം താങ്കൾക്ക് മുമ്പ് വളരെ സമുദായങ്ങളിലേക്ക് ദൂതന്മാരെ അയച്ചിട്ടുണ്ട്' (6:42), 'താങ്കൾക്ക് മുമ്പ് വളരെയേറെ പ്രവാചകന്മാർ കളവാക്കപ്പെട്ടിരിക്കുന്നു' (3:184), 'താങ്കൾക്ക് മുമ്പ് വഹ്‌യ് നൽകപ്പെട്ട സർവ പ്രവാചകന്മാരും പുരുഷന്മാരത്രെ' (16:43). സാമാന്യമായി പ്രവാചകന്മാരെ പരിചയപ്പെടുത്തിയ ഇതുപോലുള്ള നിരവധി സൂക്തങ്ങളിൽ ഒരിടത്തുപോലും 'താങ്കൾക്കു ശേഷ'മുള്ള പ്രവാചകനെയോ പ്രവാചകന്മാരെയോ സംബന്ധിച്ച് സൂചനപോലും നൽകുന്നില്ല. മുഹമ്മദ് (സ)ക്ക് ശേഷം പ്രവാചകന്മാരോ വഹ്‌യുകളോ ഉണ്ടാവാനില്ലെന്ന് ഈ സൂക്തങ്ങളും തെളിയിക്കുന്നു.

മുൻ പ്രവാചകന്മാരെ സംബന്ധിച്ച് പൊതുവിൽ വിശ്വസിക്കുക മാത്രമാണ് മുസ്‌ലിംകളുടെ ബാധ്യത. അതേ സമയം പിൽക്കാലത്ത് പ്രവാചകന്മാർ വരാനുണ്ടെങ്കിൽ, അവരുടെ സമുദായങ്ങൾ അവരിൽ വ്യക്തമായി വിശ്വസിച്ചെങ്കിലേ മോക്ഷം സിദ്ധിക്കുകയുള്ളൂ. പൂർവ പ്രവാചകന്മാരെപ്പറ്റി പറഞ്ഞതിനേക്കാൾ വ്യക്തമായും അധികമായും പരാമർശിക്കേണ്ടത് പിൽക്കാലത്ത് വരാനിരിക്കുന്ന പ്രവാചകന്മാരെപ്പറ്റിയായിരുന്നു. അതുണ്ടായില്ലെന്നത് ഖുർആന്റെ അപര്യാപ്തതക്കല്ല, മറിച്ച് പിൽക്കാലത്ത് പ്രവാചകന്മാർ വരാനില്ല എന്ന വസ്തുതക്കാണ് തെളിവാകുന്നത്.

പുനരുത്ഥാനത്തെയും പരലോകത്തെയും കുറിക്കുന്ന 'ആഖിറത്ത്' എന്ന പദത്തിന് 'പിൽക്കാലത്തെ ദിവ്യബോധന'മെന്ന് ചില ഖത്മുന്നുബുവ്വത്ത് നിഷേധികൾ അർഥം നൽകിയിരിക്കുന്നു (ഖാദിയാനീ പ്രവാചകനായ മിർസാ ഗുലാം അഹ്‌മദ് 'ആഖിറത്തി'ന് പരലോകം എന്ന് തന്നെയാണ് അർഥം നൽകിയിരിക്കുന്നത്). ഖുർആനിൽ പല തവണ ആവർത്തിക്കപ്പെട്ട 'ആഖിറത്ത്' എന്ന പദത്തിന് ഒരിടത്തുപോലും ഈ അർഥം യോജിക്കയില്ല. 'അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമങ്ങൾ നിർവഹിക്കുകയും ചെയ്യുന്നവർക്കാണ് മോക്ഷം', 'നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും പുനരുത്ഥാനത്തിൽ വിശ്വസിക്കുകയും ചെയ്യുക' തുടങ്ങിയ ഖുർആൻവചനങ്ങളിലെ 'ആഖിറത്തി'ന് പിൽക്കാലത്തെ ദിവ്യബോധനം എന്ന അർഥകൽപന, എത്രമാത്രം അനർഥജൽപനമാണെന്ന് മനസ്സിലാക്കാൻ അതിബുദ്ധി വേണ്ട. ഖുർആനിൽ വിശ്വസിക്കുന്നതിനേക്കാൾ അനിവാര്യമാണ് പിൽക്കാലത്തെ 'പ്രവാചക' വചനങ്ങളിൽ വിശ്വസിക്കുകയെന്ന വാദം തികച്ചും അർഥശൂന്യമാണ്.

ഹിദായത്ത് ഖുർആനോടെ അവസാനിച്ചിരിക്കുന്നു. 'ഈ ദിവസം നിങ്ങളുടെ ദീനിനെ ഞാൻ സമ്പൂർണമാക്കിത്തന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തീകരിച്ചതരികയും ഇസ്‌ലാമിനെ നിങ്ങളുടെ ദീനായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു' (5:3) എന്ന ഖുർആൻ സൂക്തം അവതരിക്കുകയും തന്റെ സന്നിധിയിൽ ഒത്തുകൂടിയ ലക്ഷക്കണക്കിന് സ്വഹാബാക്കളെ കേൾപ്പിക്കുകയും ചെയ്തശേഷം നബി(സ) ചോദിച്ചു: 'ദൈവസന്ദേശത്തെ പരിപൂർണമായി ഞാൻ നിങ്ങൾക്ക് എത്തിച്ചുതന്നില്ലേ?' അവർ പറഞ്ഞു: 'ഞങ്ങൾ സാക്ഷികളാണ്'. മനുഷ്യജീവിതത്തിലെ നിഖില പ്രശ്നങ്ങൾക്കും പരിഹാരം നിർദേശിക്കുന്ന ദിവ്യബോധനങ്ങൾ ഇവിടെ അവസാനിക്കുന്നുവെന്നും ഞാനെന്റെ ദൗത്യം നിറവേറ്റിയിരിക്കുന്നുവെന്നുമാണ് തന്റെ അനുയായികളെ സാക്ഷിനിർത്തിക്കൊണ്ട് അല്ലാഹുവിന്റെ പ്രവാചകൻ പറയുന്നത്.

യേശുവിന്റെ വചനം അതായിരുന്നില്ല. 'ഇനിയും വളരെ നിങ്ങളോടു പറയാനുണ്ട്. എന്നാൽ നിങ്ങൾക്കിപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും' എന്നായിരുന്നു യേശു പറഞ്ഞത്. അതുപ്രകാരമാണ് മുഹമ്മദ് (സ) വന്നത്. അദ്ദേഹം പറയുന്നതോ 'ഇനി യാതൊരു

ദൈവദൂതനും വാരനില്ല' എന്നും.

മുൻ പ്രവാചകന്മാർക്ക് നൽകപ്പെട്ട വേദഗ്രന്ഥങ്ങൾ അതേപടി ലോകത്ത് അവശേഷിക്കുന്നില്ല. അവയെ പിൻപറ്റുന്നവർ പോലും അത് പൂർണമായും ദൈവിക വചനങ്ങളാണെന്ന് അവകാശപ്പെടുന്നില്ല. പക്ഷേ അവസാനത്തെ ദിവ്യബോധനമായ വിശുദ്ധ ഖുർആൻ അന്ത്യദിനം വരേക്കും സുരക്ഷിതമായിരിക്കുമെന്ന് അല്ലാഹുതന്നെ പറയുന്നു: 'നാം നിങ്ങൾക്ക് വചനം നൽകിയിരിക്കുന്നു. നാം തന്നെ അതിനെ സംരക്ഷിക്കുന്നതാണ്' (15:9).

ഖുർആനിലെ വിധിവിലക്കുകളെ ദുർബലപ്പെടുത്താനോ പുതിയ ദൈവവിധികൾ സമർപ്പിക്കാനോ സാധ്യമല്ലാത്തവിധം ഖുർആനിക നിയമങ്ങൾ ലോകാന്ത്യം വരെയുള്ള സമുദായങ്ങളുടെ ആവശ്യങ്ങൾക്ക് ഉതകുന്നവയായിരിക്കും. ഇനിയൊരു പ്രവാചകൻ വരാനില്ലാത്തതുകൊണ്ടാണ് മുഹമ്മദ് (സ)ക്ക് അവതീർണമായ ദിവ്യഗ്രന്ഥം അന്ത്യദിനം വരെ സുരക്ഷിതമാക്കി നിർത്താൻ അല്ലാഹു തീരുമാനിച്ചത്. ഖുർആനിക നിയമങ്ങളെ ദുർബലപ്പെടുത്താനും പുതിയ നിയമങ്ങൾ സൃഷ്ടിക്കാനും അധികാരമില്ലാത്ത പ്രവാചകത്വമാകട്ടെ, ഉണ്ടാവുന്നതും ഇല്ലാതിരിക്കുന്നതും സമമാണ്.

'നിങ്ങൾക്കിടയിൽ വല്ല പ്രശ്നങ്ങളിലും ഭിന്നാഭിപ്രായമുണ്ടായാൽ അതിനെ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക' (4:59) എന്ന ഖുർആൻ സൂക്തവും പുതിയ പ്രവാചകത്വത്തെ നിഷേധിക്കുന്നു. പുതിയ പ്രവാചകത്വം വരെ മാത്രമേ ഈ നിർദേശത്തിന് പ്രാബല്യമുണ്ടാവുകയുള്ളൂ. പിന്നീടുണ്ടാവുന്ന അഭിപ്രായഭിന്നതകൾ പരിഹരിക്കേണ്ടത് ആ പ്രവാചകനായിരിക്കുമല്ലോ. ഖുർആനിലെ നിർദേശങ്ങൾ ദുർബലപ്പെട്ടില്ലെന്നതുകൊണ്ടുതന്നെ ഇനി പ്രവാചകത്വമില്ലെന്ന് മനസ്സിലാക്കാം.

മറ്റൊരു നിർദേശം നോക്കുക: 'വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക; റസൂൽ(സ)യെയും നിങ്ങളിൽനിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക" (4:59). വിശ്വാസികളോടുള്ള ഖുർആന്റെ കൽപനയാണിത്. അല്ലാഹുവിനെയും മുഹമ്മദ് നബി(സ)യെയും വിശ്വാസികളിൽനിന്നുള്ള 'ഉലുൽ അംറി'നെയും അനുസരിക്കുക. ഇനിയും പ്രവാചകന്മാർ വരാനുണ്ടെങ്കിൽ ഇവിടെ ഖുർആൻ ഭാവി പ്രവാചകന്മാരെക്കൂടി അനുസരിക്കാൻ വിശ്വാസികളോട് കൽപിക്കുമായിരുന്നുവെന്നതിൽ സംശയമൊന്നുമില്ല. മുഹമ്മദ് നബി(സ)ക്കു ശേഷം പ്രവാചകന്മാർ വരാനില്ലാത്തതുകൊണ്ടാണ് അല്ലാഹു അങ്ങനെ കൽപിക്കാതിരുന്നതെന്നു വ്യക്തമാണ്.

ഈ രണ്ട് വചനങ്ങളിലും 'റസൂൽ' എന്ന പദം കൊണ്ട് എല്ലാ ദൂതന്മാരെയുമാണ് ഉദ്ദേശിക്കുന്നതെന്നും പിൽക്കാലത്ത് വരാനിരിക്കുന്ന ദൂതന്മാരും അതിലുൾപ്പെടുമെന്നും ആർക്കെങ്കിലും വാദമുണ്ടെങ്കിൽ അവരുടെ അജ്ഞത സഹതാപമർഹിക്കുന്നു. രണ്ടിടത്തും 'അർറസൂൽ' എന്നാണ് പ്രയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് ഉദ്ദേശിക്കുന്നത് മുഹമ്മദ് നബി(സ)യാണെന്ന കാര്യത്തിൽ ഭാഷാഭിജ്ഞന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടാവില്ല.

മുഹമ്മദ്(സ) അവസാനത്തെ പ്രവാചകനാണെന്നതിന് ഇനിയും വളരെയേറെ തെളിവുകൾ ഖുർആനിലുണ്ട്. നബിയുടെ അന്ത്യപ്രവാചകത്വം നിഷേധിക്കുന്നവർ പോലും അംഗീകരിക്കുന്ന നിരവധി നബിവചനങ്ങളും ഇക്കാര്യത്തിന് തെളിവായി സമർപ്പിക്കാവുന്നതാണ്. ഈ ലേഖനത്തിന്റെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് അവ വിശദമായി പ്രതിപാദിക്കാൻ പ്രയാസമാണ്. ഒന്നു രണ്ട് ഹദീസുകൾ കാണുക:

നബി(സ) പറഞ്ഞു: "എന്റെയും മുമ്പുള്ള പ്രവാചകന്മാരുടെയും ഉപമ ഒരു മനുഷ്യന്റേതാണ്. അയാൾ ഒരു വീടു പണിത് മോടി പിടിപ്പിച്ചു. സുന്ദരമാക്കി. ഒരു മൂലക്കല്ലിന്റെ സ്ഥാനം ഒഴിവാക്കിവെച്ചു. ആളുകൾ അതിനെ വലംവെക്കുകയും അതിന്റെ ഭംഗിയിൽ വിസ്മയം കൊള്ളുകയും ചെയ്തു. എന്തുകൊണ്ട് ഈ കല്ല് വെച്ചില്ല? അവർ ചോദിച്ചു. ഞാനത്രെ ആ കല്ല്. ഞാൻ അവസാനത്തെ പ്രവാചകനാകുന്നു" (ബുഖാരി).

എത്ര സുന്ദരവും ലളിതവുമായ ഉപമ! പ്രവാചകത്വ സൗധത്തിലെ അവസാനത്തെ കല്ലും പടുത്തു കഴിഞ്ഞ സ്ഥിതിക്ക് ഇനിയും അതിൽ പുതിയതൊന്നിന് പഴുതില്ല.

മറ്റൊരു ഹദീസ് കൂടി ഉദ്ധരിക്കട്ടെ: നബി(സ) പറഞ്ഞു: "ഇസ്രാഈല്യരെ ഭരിച്ചിരുന്നത് പ്രവാചകന്മാരായിരുന്നു. ഒരു പ്രവാചകൻ മരിക്കുമ്പോൾ മറ്റൊരു പ്രവാചകൻ വരും. എനിക്കു ശേഷം പ്രവാചകനില്ല. എന്നാൽ ഖലീഫമാരുണ്ടാകും" (ബുഖാരി).

പക്ഷേ, ഇപ്പറഞ്ഞ ഹദീസുകൾ ശരീഅത്തോടുകൂടിയുള്ള പ്രവാചകന്മാർക്കേ ബാധകമാകൂ എന്നും ശരീഅത്തില്ലാത്ത പ്രവാചകന്മാർ വരാമെന്നും ഖത്മുന്നുബുവ്വത്തിനെ നിഷേധിക്കുന്ന ചിലർ വാദിക്കുന്നു. അവർക്കു വേണ്ടി മറ്റൊരു ഹദീസുകൂടി ഉദ്ധരിക്കട്ടെ:

നബി(സ) അലി(റ)യോട് പറഞ്ഞു: "മൂസായുടെ അടുത്ത് ഹാറൂനുണ്ടായിരുന്ന സ്ഥാനമാണ് താങ്കൾക്ക് എന്റെയടുത്തുള്ളത്. പക്ഷേ എനിക്കു ശേഷം നബിയില്ല" (ബുഖാരി, മുസ്ലിം).

മൂസാ(അ)യുടെ സഹായിയും സഹോദരനുമായ ഹാറൂൻ(അ) ശരീഅത്തില്ലാത്ത പ്രവാചകനായിരുന്നു. അത്തരം പ്രവാചകത്വം പോലും അവശേഷിക്കുന്നില്ലെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു.

മുഫസ്സിറുകളും മുഹദ്ദിസുകളും മുജദ്ദിദുകളും ഇമാമുമാരുമായ പിൽക്കാലത്തെ പണ്ഡിതന്മാരുടെ ഇജ്മാഉം ഈ വിഷയത്തിലുണ്ട്. ആർക്കും സംശയത്തിനിടനൽകാത്തവിധം വ്യക്തമാക്കപ്പെട്ട ഒരു വസ്തുതയാണ് മുഹമ്മദ്(സ)യുടെ അന്ത്യപ്രവാചകത്വം.

പിൽക്കാലത്ത് പ്രവാചകത്വം വാദിച്ച വ്യക്തികളോട് ഖലീഫമാരും മുസ്ലിം ഭരണകൂടങ്ങളും അനുവർത്തിച്ച നയവും മുസ്ലിംലോകം ഇനിയൊരു പ്രവാചകനെ അംഗീകരിക്കില്ലെന്നതിന് തെളിവാണ്. മുസൈലിമ മുതൽ ഇറാനിലെ ബഹാഉള്ളവരെ പ്രവാചകത്വവാദം പയറ്റിനോക്കി പരാജയമടഞ്ഞവരാണ്.

മുസ്ലിംകളിൽ രൂഢമൂലമായ ഖത്മുന്നുബുവ്വത്ത് വിശ്വാസം കൊണ്ടാണ് പിൽക്കാലത്ത് ചില നുബുവ്വത്ത് സ്ഥാനാർഥികൾ മഹ്ദിയായും മസീഹായുമൊക്കെ രംഗത്തുവരാൻ ശ്രമിക്കുന്നത്. അത്തരക്കാരുടെയും ദുരവസ്ഥ ലോകം കണ്ടറിഞ്ഞതാണ്. പക്ഷേ, ഇപ്പോഴും ലോകത്തിന്റെ പല ഭാഗത്തും പ്രവാചകത്വവാദികൾ രംഗപ്രവേശം ചെയ്യാറുണ്ട്. 'മുപ്പത് കള്ളവാദികളായ ദജ്ജാലുകൾ എഴുന്നള്ളിക്കപ്പെടും. താൻ ദൈവദൂതനാണെന്ന് അവരോരുത്തരും വാദിക്കും' (അബൂദാവൂദ്) എന്ന നബിവചനത്തെ അന്വർഥമാക്കുകയാണ് അവർ ചെയ്യുന്നത്. അറബിഭാഷാ പ്രയോഗമനുസരിച്ച് ഇവിടെ മുപ്പതിന്റെ വിവക്ഷ 'അസംഖ്യം' എന്നാണ്.